47

# “ഞങ്ങൾ അവന്റെ തേജസ് കണ്ടു”

## മത്താ. 17:1- 8; മർക്കൊ. 9:2- 8;

## ലൂക്കൊ. 9:28- 36, ഒരടുത്ത നോട്ടം

മൂന്നു വർഷക്കാലം അപ്പൊസ്തലന്മാരിൽ ഒരാൾ യേശുക്രിസ്തുവിനോടുകൂടെ നടന്നത് ചിന്തിക്കുക. അപ്പോൾ കണ്ടിരിക്കുവാൻ സാധ്യതയുള്ള എല്ലാ അത്ഭുതങ്ങളേയും പരിഗണിക്കുക: അയ്യായിരം പേരെ പോറ്റുന്നതും, യേശു വെള്ളത്തിന്മീതെ നടന്നതും, കാറ്റിനെ ശാന്തമാക്കുന്നതും, മരിച്ചവരെ ഉയിർപ്പിച്ചതും. എന്നിട്ടു നിങ്ങളോടു തന്നെ ചോദിക്കുക, “ഞാൻ കണ്ടതിൽ വെച്ച്, ഏറ്റവും അധികം എന്നെ ആകർഷിച്ചതെന്ത്?'' ആ ചോദ്യത്തിനു നിങ്ങൾ എങ്ങനെ ഉത്തരം പറയുമെന്ന് എനിക്ക് അറിയില്ല, എന്നാൽ അവയെല്ലാം കാണുവാൻ അവസരം ലഭിച്ച അപ്പൊസ്തലന്മാരിൽ മറക്കാൻ പറ്റാത്ത ചിലത് തീർച്ചയായും ഉണ്ട് എന്നു പറയട്ടെ: അവയിലൊന്നാണ് മറുരൂപം. അന്നു സന്നിഹിതരായിരുന്നവരിൽ ഒരാൾ പിന്നീട് പറഞ്ഞു,

> ... അവന്റെ മഹിമ കണ്ട സാക്ഷികളായിത്തീർന്നിട്ടത്രേ. “ഇവൻ എന്റെ പ്രിയ പുത്രൻ ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” – എന്നുള്ള ശബ്ദം അതിശ്രേഷ്ഠ തേജസിങ്കൽ നിന്നു വന്നപ്പോൾ, പിതാവായ ദൈവത്താൽ അവന്നു മാനവും തേജസും ലഭിച്ചു ഞങ്ങൾ അവനോടുകൂടെ വിശുദ്ധപർവ്വതത്തിൽ ഇരിക്കുമ്പോൾ, സ്വർഗത്തിൽനിന്നു ഈ ശബ്ദം ഉണ്ടായതു കേട്ടു (2 പത്രൊസ് 1:16–18).

അവിടെ ഉണ്ടായിരുന്ന മറ്റൊരാൾ എഴുതി,

> ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു (യോഹന്നാൻ 1:1).
>
> വചനം ജഡമായിതീർന്നു, കൃപയും സത്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ പാർത്തു, ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു, ഏകജാതനായവന്റെ തേജസ്സായി കണ്ടു (യോഹന്നാൻ 1:14).

എഴുത്തുകാരന്റെ മനസിൽ മറുരൂപത്തേക്കാളധികം ഉണ്ടായിരുന്നു (യോഹന്നാൻ 2:11 നോക്കുക), ആ ഓർമ്മിക്കത്തക്ക സംഭവം തീർച്ചയായും “ഞങ്ങൾ അവന്റെ തേജസ് കണ്ടു” എന്ന പ്രസ്താവനയിൽ ഉൾപ്പെട്ടിരിക്കുന്നു (ലൂക്കൊസ് 9:31, 32 നോക്കുക).

നാം മറുരൂപത്തെ[1] കുറിച്ചു പഠിക്കുമ്പോൾ, നമ്മുടെ പ്രാഥമിക വേദഭാഗം മത്തായി 17 ആണ്; പക്ഷെ നാം മർക്കൊസ് 9 ലേക്കും ലൂക്കൊസ് 9 ലേക്കും

അനുബന്ധ വിശദീകരണത്തിനു പോകും. ഈ അവതരണം നമ്മെ ഓരോരുത്തരേയും "അവന്റെ തേജസ് കാണുവാൻ" സഹായിക്കുമാറാക്കട്ടെ.

### പ്രധാനപ്പെട്ട സംഭവം

### (മത്താ. 17:1, 2; മർക്കൊ. 9:2, 3; ലൂക്കൊ. 9:28, 29)

നമ്മുടെ വേദഭാഗം ആരംഭിക്കുന്നു, "*ആറു ദിവസം കഴിഞ്ഞ ശേഷം* യേശു പത്രൊസിനേയും യാക്കൊബിനേയും യോഹന്നാനെയും കൂട്ടി, തനിച്ചു ഒരു ഉയർന്ന മലയിലേക്ക് കൊണ്ടുപോയി'' (മത്തായി 17:1; എംഫസിസ് മൈൻ).[2] ആറു ദിവസത്തിനു മുൻപ് എന്താണ് സംഭവിച്ചത്?

ഏതാണ്ട് ഒരാഴ്ച്ച മുൻപ്, പത്രൊസ് നല്ല ഒരു ഏറ്റുപറച്ചിൽ നടത്തുകയും താൻ സഭ പണിയുമെന്ന് ക്രിസ്തു വാഗ്ദാനം ചെയ്യുകയും ഉണ്ടായി (മത്തായി 16:16, 18).[3] ആ വാഗ്ദാനം നിറവേറ്റുവാൻ താൻ മരിക്കേണ്ടതാണെന്ന് അവൻ പിന്നീട് വെളിപ്പെടുത്തുകയുണ്ടായി: "അന്നു മുതൽ യേശു താൻ യെരുശലേമിൽ ചെന്നിട്ട്, മൂപ്പന്മാർ മഹാപുരോഹിതന്മാർ ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും, മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കയും വേണ്ടതു എന്നു ശിഷ്യന്മാരോടു പറഞ്ഞു തുടങ്ങി...'' (മത്തായി 16:21). അവന്റെ ശിഷ്യന്മാരുടെ മനസിൽ ഉണ്ടായിരുന്നതുപോലെ – ഒരു ഭൗമിക രാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി യെരുശലേമിൽ പോകുന്നതിനുപകരം – അവൻ യെരുശലേമിലേക്കു പോകുന്നതു മരിക്കുവാനായിരുന്നു.

ക്രിസ്തുവിന്റെ വാക്കുകൾ ശിഷ്യന്മാർക്ക് മനസിലായില്ല; മശിഹയുടെ മരണം അവരുടെ രാജ്യമെന്ന ആശയത്തിനു യോജിക്കുന്നതായിരുന്നില്ല. "പത്രൊസ് അവനെ, [യേശുവിനെ] വേറിട്ടു കൊണ്ടുപോയി, 'കർത്താവേ, അതു അരുതേ! നിനക്ക് അങ്ങനെ ഭവിക്കരുതേ' എന്നു ശാസിച്ചു തുടങ്ങി" (മത്തായി 16:22). ക്രിസ്തു പത്രൊസിനെയും പിന്നീട് മറ്റു ശിഷ്യന്മാരെയും ശാസിക്കയുണ്ടായി (മത്തായി 16:23–27; മർക്കൊസ് 8:38; ലൂക്കൊസ് 9:26 നോക്കുക).

യേശുവിനും ശിഷ്യന്മാർക്കും ഇടയിൽ ഉണ്ടായിരുന്ന സംഘർഷത്തെ കുറിച്ച് ചിന്തിക്കുക – ആറു നീണ്ട ദിവസങ്ങൾ. ആ ദിവസ ങ്ങളിൽ സംഭവിച്ച ഒന്നിനെ കുറിച്ചും ഒരു രേഖയുമില്ല. അവസാനം, ആറു ദിവസങ്ങൾക്കു ശേഷം, യേശു വാചാലനായിരുന്ന പത്രൊസ് അടക്കം, മൂന്നു ശിഷ്യന്മാരെ കൂട്ടിക്കൊണ്ട്, "മലമേൽ കയറി പോയി."

ആ മൂന്നു പേരെ മാത്രം കൊണ്ടുപോയതെന്തുകൊണ്ടാണെന്നു നമ്മോടു പറഞ്ഞിട്ടില്ല, എന്നാൽ പല അവസരങ്ങളിലും അവൻ ആ മൂന്നു പേരെ മറ്റു അപ്പൊസ്തലന്മാരിൽ നിന്നു മാറ്റി കൊണ്ടു പോയിട്ടുണ്ട് (മർക്കൊസ് 5:37; 9:2; 14:33). ഒരുപക്ഷെ ഭാവിയിൽ[4] അവരെ ആവശ്യമുള്ളതു കൊണ്ടായിരിക്കാം അവൻ അങ്ങനെ ചെയ്തത്. അല്ലെങ്കിൽ ആ മൂന്നുപേരിൽ കൂടെ മറ്റു ഒമ്പതു പേരെയും നന്നായി ഉപയോഗപ്പെടുത്താം എന്നവൻ കരുതിയിരിക്കാം. നമ്മെപ്പോലെ, യേശുവിനും, മാനുഷികമായി പ്രത്യേക സ്നേഹിതന്മാർ വേണമായിരുന്നു എന്നതിനും സാധ്യതയുണ്ട്. മൂന്നുപേരിൽ ഒരാളായ, യോഹന്നാനെ ആ അർത്ഥത്തിൽ, ''യേശു സ്നേഹിച്ച ശിഷ്യൻ" എന്നു പറയുന്നുണ്ട് (യോഹന്നാൻ 21:20; നോക്കുക 13:23; 19:26; 20:2).

ഏതു മലയിലേക്കാണ് അവർ പോയതെന്നും[5] നമ്മോടു പറഞ്ഞിട്ടില്ല. ദൈവശ്വാസിയമല്ലാത്ത പാരമ്പര്യം പറയുന്നതു അവർ ഗലീലിയിലെ താബോർ മലയിലേക്കാണ് പോയതെന്നാണ്, എന്നാൽ കൂടുതൽ സാധ്യത ഹെർമോൻ മലയായിരിക്കുവാനാണ്, കാരണം അതു പത്രൊസ് ഏറ്റുപറച്ചിൽ[6] നടത്തിയ സ്ഥലത്തിനടുത്താണ്. പാലസ്തീനിലെ ഏറ്റവും ഉയരം കൂടിയ മലയായിരുന്നു ഹെർമോൻ മല; അതിന്റെ "മഞ്ഞു-മൂടി കിടക്കുന്ന മുകൾഭാഗം'' ''താഴ്‌വരയിലെ[7] നിരപ്പായ സ്ഥലത്തു നിന്നു ഏതാണ്ട് പതിനായിരം അടി ഉയർന്നു" നില്ക്കുന്നതായിരുന്നു.

യേശു മലമുകളിലേക്ക് പോയതു മറുരൂപപ്പെടേണ്ടതിനായിരുന്നില്ല, മറിച്ച് പിതാവിനോടുകൂടെ സമയം ചെലവഴിക്കേണ്ടതിനായിരുന്നു. ലൂക്കൊസ് എഴുതി, "അവൻ പത്രൊസിനേയും യാക്കോബിനേയും യോഹന്നാനേയും കൂട്ടിക്കൊണ്ട്, പ്രാർത്ഥിപ്പാൻ മലയിലേക്ക് കയറി പ്പോയി" (ലൂക്കൊസ് 9:28). ഒരുപക്ഷെ അവൻ അപ്പൊസ്തലന്മാരുടെ പ്രാർത്ഥനാജീവിതത്തെ നന്നാക്കിയെടുക്കുവാൻ ആഗ്രഹിച്ചിരിക്കാം – എന്നാൽ, എപ്പോഴുമെന്നപോലെ, പ്രാർത്ഥനാസമയത്ത് ഉറങ്ങി പോയി (ലൂക്കൊസ് 9:32; മത്തായി 26:40, 43, 45 നോക്കുക).

പിന്നെ, പെട്ടെന്ന്, ''പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ,'' ''അവൻ രൂപാന്തരപ്പെട്ടു" (ലൂക്കൊസ് 9:29; മത്തായി 17:2). ഗ്രീക്കിൽനിന്നു തർജിമ ചെയ്ത "രൂപാന്തരപ്പെട്ടു" എന്ന വാക്കിൽ നിന്നാണ് ''മെറ്റമോർഫോസിസ്" എന്ന വാക്ക് ലഭിക്കുന്നത്, അതു സൂചിപ്പിക്കുന്നതു പെട്ടെന്നുള്ള മാറ്റത്തെയാണ്.[8] ആ രൂപാന്തരത്തിന്റെ മഹനീയത വാക്കുകളാൽ വർണ്ണിക്കുവാൻ പ്രയാസമാണ്. സുവിശേഷ വിവരണക്കാർ താരതമ്യ വാക്കുകളാൽ ആ മാറ്റത്തെ വിശദമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

> അവരുടെ മുൻപാകെ രൂപാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനേപോലെ ശോഭിച്ചു, അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായിതീർന്നു (മത്തായി 17:2).

> ... ഭൂമിയിൽ ഒരലക്കുകാരന്നും വെളുപ്പിപ്പാൻ കഴിയാതവണ്ണം,[9] അവന്റെ വസ്ത്രം അത്യന്തം വെളുപ്പായി തിളങ്ങി (മർക്കൊസ് 9:3).

> അവൻ ... പ്രാർത്ഥിക്കുമ്പോൾ മുഖത്തിന്റെ ഭാവം മാറി, ഉടുപ്പ് മിന്നുന്ന വെള്ളയായും തീർന്നു (ലൂക്കൊസ് 9:29).

സംഭവിച്ചതിനെ പ്രതിഫലിപ്പിക്കുവാൻ സാധ്യമായ ഒരു വഴി ഇതാ: യേശു ദൈവ-മനുഷ്യനായിരുന്നു (മത്തായി 1:23), പക്ഷെ അവൻ ഭൂമിയിൽ നടന്നപ്പോൾ, മിക്കവരും അവന്റെ മനുഷ്യത്വത്തെ മാത്രമാണ് കണ്ടത്. എങ്ങനെയായാലും, ഈ അവസരത്തിൽ പ്രത്യേകമായി, അവന്റെ മനുഷ്യത്വ-ത്തിൽ ദൈവി-കത്വം ദൃശ്യമായി. പത്രൊസും, യാക്കോബും, യോഹന്നാനും അവന്റെ ദൈവികത്വം ഒരു മിന്നൽ പോലെ കാണാൻ സാധിച്ച ചുരുക്കം ചിലരാണ്.[10]

## പ്രീതിപ്പെടുത്തുന്ന ഉദ്ദേശം
## (മത്താ. 17:3-8; മർക്കൊ. 9:4-8; ലൂക്കൊ. 9:30-36)

നമ്മുടെ പഠനം പുരോഗമിക്കുമ്പോൾ, നാം ചോദിക്കുവാനാഗ്രഹിക്കുന്നു, "മറുരൂപം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?" ഈ പ്രത്യേക സംഭവം നടന്നതിനു സാധ്യതയുള്ള നാലു കാരണങ്ങൾ ഞാൻ പറയട്ടെ.

### മനുഷ്യത്വം മാനിക്കപ്പെട്ടു

ക്രിസ്തുവിന്റെ ജീവിതത്തിൽ സമയാസമയങ്ങളിൽ, ഭൂത കാലത്തെ അംഗീകരിക്കുകയും ഭാവിയെ ഒരുക്കുകയും ചെയ്യുന്ന നാടകീയ സംഭവങ്ങൾ നടന്നിട്ടുണ്ട്. അത്തരത്തിലുള്ള ഒന്നായിരുന്നു അവന്റെ സ്നാനം. ആ സമയത്ത്, ദൈവം യേശുവിന്റെ മുപ്പതു വർഷത്തെ തയ്യാറെടുപ്പ് അംഗീകരിക്കുകയും പരിശുദ്ധാത്മാവ് അവന്മേൽ വരികയും അടുത്ത മൂന്നു വർഷത്തെ പരസ്യശുശ്രൂഷക്ക് അവനെ തയ്യാറാക്കുകയും ചെയ്തു (മത്തായി 3:16, 17). മറുരൂപം മറ്റൊരു നിർണ്ണായക നിമിഷമായിരുന്നു. ആ സമയത്ത്, ദൈവം തന്റെ "അംഗീകാരമുദ്ര" യേശുവിന്റെ വർഷങ്ങൾ നീണ്ട തയ്യാറെടുപ്പിൽ മാത്രമല്ല, വർഷങ്ങളോളമുള്ള ശുശ്രൂഷയിലും പതിപ്പിക്കയുണ്ടായി (മത്തായി 17:5).

ക്രിസ്തുവിനെ പോലെ ആകണം എന്നതാണ് ദൈവം മനുഷ്യരെ ഭൂമിയിലാക്കിയപ്പോൾ അവരെ കുറിച്ച് ആഗ്രഹിച്ചത്. ആളുകൾ പാപം ചെയ്തു (ഉൽപത്തി 3:5; റോമർ 3:23), എന്നാൽ യേശു പാപം ചെയ്തില്ല (എബ്രായർ 4:15). മറുരൂപസമയത്ത്, പണ്ട് ആയിരുന്നതുപോലെ അവന്റെ വരവിനു വേറെ ഉദ്ദേശം ഒന്നുമില്ലായിരുന്നുവെങ്കിൽ – ക്രിസ്തുവിനു പരിശുദ്ധനായ ദൈവ സന്നിധിയിലേക്ക് പോകുവാൻ കഴിയുമായിരുന്നു. തീർച്ചയായും, മറുരൂപത്തിലേക്ക് നയിച്ചതിന്നു, വേറെയും കാരണമുണ്ടായിരുന്നു.

### "പുറപ്പാട്" ഉറപ്പിച്ചു

ലൂക്കൊസ് എഴുതി, "പത്രൊസും കൂടെയുള്ളവരും ഉറക്കത്താൽ ഭാരപ്പെട്ടിരുന്നു; ഉണർന്നശേഷം, അവർ അവന്റെ തേജസ് കണ്ടു..." (ലൂക്കൊസ് 9:32). പത്രൊസും, യാക്കോബും, യോഹന്നാനും സ്വപ്നമല്ല കണ്ടതെന്ന് എഴുത്തുകാരൻ നമ്മെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു; അവർ ഉണർന്നപ്പോഴായിരുന്നു അവർക്ക് യേശുവിന്റെ മാറ്റം ദൃശ്യമായത്.

ഉടനെ അവരെ കൂടുതൽ കൂടുതൽ അത്ഭുതപ്പെടുത്തി: "രണ്ടു പുരുഷന്മാർ, അവനോടു [യേശു] സംഭാഷിച്ചു; മോശെയും ഏലീയാവും[11] തന്നേ" (ലൂക്കൊസ് 9:30).[12] മോശെയും ഏലീയാവും യെഹൂദ വിശ്വാസത്തിലെ ശ്രേഷ്ഠ നായകന്മാരായിരുന്നു (എബ്രായർ 11:23–29; യാക്കോബ് 5:17). തങ്ങളുടെ പിതാക്കന്മാരിൽനിന്നു പത്രൊസും, യാക്കോബും, യോഹന്നാനും അവരുടെ സംഭവങ്ങൾ ധാരാളം കേട്ടിരിക്കും. അവരുടെ റബ്ബിമാരിൽനിന്നു അവരുടെ പേരുകളും ധാരാളം കേട്ടിരിക്കും. മോശെ നിയമദാതാവായിരുന്നു; ഏലിയാവ് ജനത്തെ വീണ്ടും ന്യായപ്രമാണത്തിലേക്ക്[13] മടക്കി വരുത്തിയവനുമായിരുന്നു. ആ രണ്ടു പുരുഷന്മാർക്ക് കർത്താവിനോടുകൂടെ മറുരൂപമലയിൽ നിൽക്കുവാനുള്ള അവസരം ലഭിച്ചതെന്തുകൊണ്ടാണെന്നു നമ്മോടു പറഞ്ഞിട്ടില്ല. ഒരുപക്ഷെ അവർ പഴയനിയമകാലത്തെ മശിഹാ പ്രവചന

വുമായി ബന്ധപ്പെട്ടിരുന്നതു കൊണ്ടാകാം (ആവർത്തനപുസ്തകം 18:15; മലാഖി 4:5, 6).[14]

യേശുവിലും, മോശെയിലും, ഏലീയാവിലും പലതും പൊതു വായിട്ടുണ്ട്; അവർ പല വിഷയങ്ങളും ചർച്ച ചെയ്തിരിക്കാം. വാഗ്ദാന ദേശത്ത് പ്രവേശിക്കുവാൻ മോശെക്കു കഴിഞ്ഞിരുന്നില്ല (സംഖ്യാ പുസ്തകം 20:12), ഏലിയാവ് ഗലീലാ പുൽപുറത്തുകൂടെ നടന്നിട്ട് നൂറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു; യേശു പാലസ്തീൻ ദേശത്തു കൂടെ നടന്നതിനെ കുറിച്ചു അവർ സംസാരിക്കുവാൻ താല്പര്യപ്പെട്ടുകാണും. നേതൃത്വത്തിൽ അവർ മൂന്നു പേരും പരീക്ഷണത്തെ നേരിട്ടിരുന്നു; പ്രധാനപ്പെട്ട അടിസ്ഥാന സത്യങ്ങളെ[15] കുറിച്ചു പോലും ആശയ വിനിമയം നടത്തുന്നത് എത്ര പ്രയാസമുള്ളതാണ് എന്നതിനെ കുറിച്ചും അവർ ചർച്ച ചെയ്തിരിക്കാം. എങ്ങനെയായാലും, അവരുടെ സംഭാഷണം, അവയെ കുറിച്ചോ അതുപോലെയുള്ളവയെ കുറിച്ചോ ആയിരുന്നില്ല.

ലൂക്കൊസ് പറയുന്നതനുസരിച്ച്, "അവൻ [യേശു] യെരുശലേമിൽ പ്രാപിപ്പാനുള്ള നിര്യാണത്തെ[16] കുറിച്ച് സംസാരിച്ചു" (ലൂക്കൊസ് 9:31). ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്ത ''ഡിപാർച്ചർ'' എന്നതു ''എക്സോഡസ്''[17] എന്നതിനുള്ള വാക്കാണ്. "പുറപ്പാട്" എന്നതു ഒരു സംയുക്ത വാക്കാണ്, അത് "റോഡ്" അല്ലെങ്കിൽ "വേ" (*ഒഡോസ്*) എന്നതിനുള്ള ഗ്രീക്ക് വാക്കിനെ ''ഔട്ട്'' എന്നതിന്റെ (*ഏക്* അല്ലെങ്കിൽ *എക്സ്*) പ്രിപൊസിഷനുമായി യോജിപ്പിക്കുന്നു; അതിന്റെ അക്ഷരിക അർത്ഥം "ദ വേ ഔട്ട്" എന്നാണ്. വാതിൽക്കൽ കാണുന്ന "എക്സിറ്റ്" അടയാളത്തെ കുറിച്ച് ചിന്തിക്കുക. മിസ്രയീമിൽനിന്നുള്ള പുറപ്പാടിനെ കുറിച്ച് ചിന്തിക്കുക: വാഗ്ദാനദേശത്തേക്ക് പോകുവാൻ യിസ്രായേൽമക്കൾ ആ രാജ്യം വിട്ടുപോകുന്നത്. ലൂക്കൊസ് 9–ലെ "പുറപ്പാട്" എന്ന വാക്കിൽ കർത്താവിന്റെ മരണം, ഉയിർപ്പ്, ആരോഹണം എന്നിവ ഉൾപ്പെട്ടിരിക്കുന്നു. ഈ ജീവിതത്തിൽനിന്നും അവസാനം ഈ ലോകത്തുനിന്നുമുള്ള ക്രിസ്തുവിന്റെ തിരോധാനത്തെയാണ് അതു വരച്ചു കാണിക്കുന്നത്.

യേശുവിന്റെ വരുവാനിരിക്കുന്ന ക്രൂശിലെ മരണം മോശെയുടേയും ഏലിയാവിന്റേയും മനസിൽ വരുവാൻ കാരണം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്? അവരുടെ കാരണം *ഔദ്യോഗിക*മായിരുന്നേക്കാം: വർഷങ്ങൾ നീണ്ട അവരുടെ സേവനം മുമ്പോട്ട് ഈ സംഭവത്തിലേക്ക് വിരൽ ചൂണ്ടുന്നതായിരുന്നു. മോശെ മുഖാന്തരം കൊടുത്ത ന്യായപ്രമാണം ആളുകളെ ക്രിസ്തുവിലേക്ക് നടത്തേണ്ടതിനായിരുന്നു (ഗലാത്യർ 3:16, 19, 24, 25). മശിഹ വരേണ്ടിയിരുന്ന ആളുകളെ ഒരുക്കിയ പ്രവാചകന്മാരിൽ ഒരാളായിരുന്നു ഏലിയാവ്. പ്രവാചകന്മാർ പറഞ്ഞതനുസരിച്ച്, ക്രിസ്തു/ മശിഹ വരുമ്പോൾ, അവൻ ജനത്തിനു വേണ്ടി മരിക്കേണ്ടിയിരുന്നു (യെശയ്യാവ് 53:4–6).

എങ്ങനെയായാലും, യേശുവിന്റെ മരണത്തിൽ, മോശെക്കും ഏലിയാവിനും *വ്യക്തിപരമായ* കാരണങ്ങൾക്ക് കൂടുതൽ സാധ്യതയുണ്ട്: അവൻ അവരുടെ പാപങ്ങൾക്കു വേണ്ടി മരിച്ചില്ലെങ്കിൽ അവർക്ക് സ്വർഗത്തിൽ പോകുവാൻ കഴിയുമായിരുന്നില്ല! പഴയനിയമത്തിൽ ആളുകളുടെ പാപക്ഷമാപണത്തെ കുറിച്ചു പറയുന്നുണ്ട്, പക്ഷെ അതു താല്ക്കാലികമായിരുന്നതുകൊണ്ട്, അന്തിമമായി ക്രിസ്തുവിന്റെ[18]

യാഗത്തിനായി അവർ നോക്കിപാർത്തിരുന്നു. എബ്രായലേഖകൻ പറയുന്നത് ക്രിസ്തു "അതുനിമിത്തം, *ആദ്യനിയമത്തിലെ [പഴയ നിയമം] ലംഘനങ്ങളിൽനിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ടു,* നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്ക് ലഭിക്കേണ്ടതിന്നു, അവൻ [പുതിയ നിയമത്തിന്റെ] മദ്ധ്യസ്ഥൻ ആകുന്നു" (എബ്രായർ 9:15; എംഫസിസ് മൈൻ). "ക്രിസ്തുവിന്റെ രക്തം പുറകോട്ടും മുൻപോട്ടും ഒഴുകി" എന്ന് പ്രമുഖരായ ഉപദേഷ്ടാക്കന്മാർ പറയും.

മോശെക്കും ഏലീയാവിന്നും ക്രിസ്തുവിന്റെ മരണത്തിൽ പ്രത്യേക താല്പര്യമുണ്ടായിരുന്നു. യേശുവിനു ശരിക്കും പണ്ട് ആയി രുന്നതുപോലെ സ്വർഗത്തിലേക്ക് പോകുവാൻ കഴിയുമായിരുന്നു എന്നു നാം കാണുകയുണ്ടായി – എന്നാൽ, അവൻ അങ്ങനെ ചെയ്താൽ, ജഡത്തിൽ ജീവിച്ച അവനു മാത്രമെ സ്വർഗത്തിൽ പ്രവേശിക്കുവാൻ കഴിയുമായിരുന്നുള്ളൂ. മോശെ സ്വർഗത്തിൽ പോകേണ്ടതിന്നു അവൻ മരിക്കേണ്ടിയിരുന്നു! ഏലീയാവ് സ്വർഗത്തിൽ പോകുവാൻ അവൻ മരിക്കേണ്ടിയിരുന്നു! അതുകൊണ്ട് ക്രിസ്തുവിന്റെ മരണത്തെ കുറിച്ചുള്ള ചർച്ച ആ പഴയനിയമയോഗ്യർക്ക് പ്രധാന്യമുള്ളതായിരുന്നു.

ആ ആശയവിനിമയം കർത്താവിന്നും പ്രാധാന്യമുള്ളതായിരുന്നു. അവൻ ക്രൂശിലേക്ക് പോകുന്നതിനെ അവന്റെ ശിഷ്യന്മാർ നിരുൽ സാഹപ്പെടുത്തുവാൻ ശ്രമിച്ചിരുന്നു (മത്തായി 16:22). മോശെയും ഏലീയാവും മനുഷ്യരക്ഷക്കുള്ള ദൈവപദ്ധതി നിറവേറ്റുന്നതിൽ നിന്നും മറ്റൊന്നും അവനെ വേർപിരിക്കാതിരിക്കേണ്ടതിന് അവനെ പ്രോത്സാഹിപ്പി ച്ചിരിക്കാം എന്നതിൽ സംശയമില്ല. അതുകൊണ്ടു മറുരൂപം ഭൂതകാലത്തെ മാനിക്കുക മാത്രമല്ല, അവനെ ഭാവിയിലേക്ക് ഒരുക്കുവാനും സഹായിക്കുന്നതായിരുന്നു – അതായതു ക്രിസ്തുവിന്റെ ക്രൂശീകരണം.

### അധികാരം നിർവ്വചിക്കപ്പെട്ടു

മറുരൂപത്തിനു പ്രാഥമികമായ ആ രണ്ടു ഉദ്ദേശങ്ങൾക്കു പുറമെ, മറ്റു കാരണങ്ങളും പറയുവാൻ കഴിയും. ആ സമയത്ത് ക്രിസ്തുവിന്റെ അധികാരത്തെ നിർവ്വചിച്ചതാണ് മൂന്നാമത്തെ കാരണം.

കണ്ട കാഴ്ച്ച ശിഷ്യന്മാരെ ഉണർത്തുന്നതായിരുന്നു (മർക്കൊസ് 9:6) – എന്നാൽ, ഭയപ്പെട്ടുകൊണ്ടാണോ എന്നറിയില്ല, എല്ലായ്പ്പോഴും *എന്തെങ്കിലും*[19] പറയുന്ന ആളായിരുന്നുവല്ലൊ പത്രൊസ്. അവൻ സംസാരിച്ചു: "കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നന്ന്; നിനക്കു സമ്മതമെങ്കിൽ, ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കും, ഒന്നു നിനക്കും, ഒന്നു മോശെക്കും, ഒന്നു ഏലീയാവിനും എന്നു പറഞ്ഞു" (മത്തായി 17:4). "താൻ എന്തു പറയേണ്ടു എന്നു പത്രൊസ് അറിഞ്ഞില്ല" എന്നാണ് മർക്കൊസ് പറഞ്ഞത് (മർക്കൊസ് 9:6), എന്നാൽ ലൂക്കൊസ് പറയുന്നത് "താൻ പറയുന്നതെന്തെന്ന്" പത്രൊസ് തിരിച്ചറിഞ്ഞില്ല എന്നാണ് (ലൂക്കൊസ് 9:33). എന്തു പറയണമെന്ന് പത്രൊസിനു അറിയില്ലായിരുന്നു; പറഞ്ഞുകഴിഞ്ഞപ്പോൾ, പറഞ്ഞതെന്താണെന്നും, അവനു തിരിച്ചറിയുവാൻ കഴിഞ്ഞില്ല!

ആ രംഗം കണ്ട പത്രൊസിന് താൻ പറഞ്ഞത് എന്തെന്നു മനസിലായില്ല: "കർത്താവേ, നാം *ഇവിടെ* ഇരിക്കുന്നത് നന്ന്; ... ഞാൻ *ഇവിടെ* മൂന്ന് കുടിൽ

ഉണ്ടാക്കും." തുടർന്ന്, അവൻ യേശുവിനോടു പറഞ്ഞത്, "മശിഹയെ കുറിച്ചുള്ള എന്റെ കാഴ്ച്ചപ്പാട് ഇതായിരുന്നു! അതുകൊണ്ടു മരണം കാത്തിരിക്കുന്ന, യെരുശലേമിലേക്കുള്ള യാത്ര മറന്നേക്കുക. നിനക്കു ചുറ്റും തേജസുള്ള, *ഈ* മലയിൽ തന്നെ നമുക്ക് ആയിരിക്കാം." ക്രിസ്തു അവിടെ തന്നെ താമസിച്ചിരുന്നെങ്കിൽ, അവനു പാപികൾക്ക് വേണ്ടി മരിക്കുവാൻ സാധ്യമല്ല (1 കൊരിന്ത്യർ 15:3) എന്നും നാമെല്ലാം നഷ്ടപ്പെട്ടുപോകും (എബ്രായർ 9:22) എന്നും പത്രൊസിനു മനസിലായില്ല!

കൂടാതെ, മൂന്നു കുടിലുകൾ ഉണ്ടാക്കാമെന്നു പറഞ്ഞപ്പോഴും അതെന്തിനാണെന്നു പത്രൊസിനു അറിയാമായിരുന്നില്ല:[20] "ഞാൻ *മൂന്നു കുടിലുകൾ* ഉണ്ടാക്കും ..., ഒന്നു നിനക്കും, ഒന്നു മോശെക്കും, മറ്റൊന്നു ഏലിയാവിന്നും."[21] ജെ. ഡബ്ളിയു. മെക്ഗാർവെ പറഞ്ഞത് പത്രൊസ് മോശയെയും ഏലീയാവിനെയും പോകുവാൻ അനുവദിക്കാതെ "അവിടെ തന്നെ തടഞ്ഞു നിർത്തി, അവർ വിട്ടുപോകാതിരിപ്പാൻ, കർത്താവിനും മോശെക്കും ഏലിയാവിനും താമസിക്കുവാൻ,[22] മരത്തിന്റെ കൊമ്പുകൾ കൊണ്ടുള്ള, മൂന്നു കുടിലുകൾ ഉണ്ടാക്കി അവൻ നൽകി" എന്നാണ്. അതെത്രമാത്രം അർത്ഥശൂന്യമാണെന്നു ചിന്തിക്കുക: ആത്മാക്കൾക്ക് വസിക്കുവാൻ മരക്കൊമ്പുകൾ കൊണ്ടുള്ള കുടിലുകൾ എന്തുപകാരം ചെയ്യും?

പ്രത്യേകമായി, കർത്താവിനോടുകൂടെ മോശയെയും ഏലിയാവിനെയും യോജിപ്പിച്ച് സംസാരിച്ചപ്പോൾ താൻ പറഞ്ഞതു എന്താണെന്നു പത്രൊസിനു മനസ്സിലായില്ല: "ഞാൻ മൂന്നുകുടിൽ ഉണ്ടാക്കും ..., *ഒന്നു നിനക്കും, ഒന്നു മോശെക്കും, ഒന്നു ഏലിയാവിനും*." പലരും ഇന്നും അതേ തെറ്റ് വരുത്തുന്നുണ്ട്. അവരുടെ മനസ്സുകളിൽ, യേശു അനേകം ആത്മീയ ഉപദേഷ്ടാക്കന്മാരിലും അദ്ധ്യക്ഷന്മാരിലും[23] ഒരുവൻ മാത്രമാണ്. യേശുവിനെയും, മുഹമ്മദിനെയും, ബുദ്ധനെയും, ആദരിക്കുന്നതിന് ബഹുവിധ കൂടാരങ്ങൾ നിർമ്മിക്കുവാൻ അവർക്ക് താൽപര്യമുണ്ട്. പത്രൊസിന്റെ നിർദ്ദേശത്തോട് ദൈവം പ്രതികരിച്ചതിനെ അവർ കേൾക്കേണ്ടതാണ്: "അവൻ പറയുമ്പോൾ തന്നേ, പ്രകാശമുള്ളോരു മേഘം, അവരുടെ മേൽ നിഴലിട്ടു, മേഘത്തിൽനിന്ന്, 'ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവന്നു ചെവി കൊടുപ്പിൻ!' എന്ന് ഒരു ശബ്ദവും ഉണ്ടായി" (മത്തായി 17:5).

ഒരു ദൈവിക തിരിച്ചറിയലായിരുന്നു ദൈവത്തിന്റെ വാക്കുകൾ: "ഇവൻ എന്റെ പ്രിയ പുത്രൻ." അവ ദൈവീകമായ അംഗീകാരത്തിന്റെ സൂചന ആയിരുന്നു: "ഇവനിൽ ഞാൻ പ്രസാദിക്കുന്നു." അതിൽ ദൈവീകമായ നിരോധന ഉത്തരവു അടങ്ങിയിരിക്കുന്നു: "*ഇവന്നു* ചെവി കൊടുപ്പിൻ!" മറ്റൊരു വാക്കിൽ പറഞ്ഞാൽ, "മോശയെ കേൾക്കേണ്ട; ഏലിയാവിനു ചെവി കൊടുക്കേണ്ട; *യേശു*വിന്നു[24] മാത്രം ചെവി കൊടുപ്പിൻ!" ഇന്ന്, നമുക്കു ചേർക്കുവാൻ കഴിയുന്നതു, "ദൈവത്തിന്റെ പ്രത്യേക ദൂതൻ എന്ന് അവകാശപ്പെടുന്ന ആരേയും കേൾക്കരുത്!"

### അപ്പൊസ്തലന്മാർ ഒരുങ്ങി

നാലാമതായി, മത്തായി 17:5–ലെ ദൈവത്തിന്റെ വാക്കുകൾ അപ്പൊസ്തലന്മാർക്ക് പ്രത്യേക പ്രാധാന്യമുള്ളതാണ്. വരുവാനുള്ള ക്രിസ്തുവിന്റെ മരണത്തെ അവൻ മുന്നറിയിച്ചതിനെ അവർ പ്രതിരോധിക്കുകയായിരുന്നു

(മത്തായി 16:21, 22). സന്ദർഭത്തിൽ, പത്രൊസിനോടു ദൈവം പറഞ്ഞത് സൂചിപ്പിച്ചത്, "നിനക്കു മനസ്സിലാകാത്തപ്പോഴും, യോജിക്കുവാൻ കഴിയാത്തപ്പോൾ പോലും യേശുവിനെ കേൾക്കുക. ഏറ്റവും നന്നായി അറിയാവുന്നവൻ *അവനത്രേ.*" മനുഷ്യന് "ചൊവ്വായി *തോന്നുന്നതു*" വാസ്തവത്തിൽ "മരണവഴി" ആയിരിക്കും (സദൃശവാക്യങ്ങൾ 14:12; 16:25; എംഫസിസ് മൈൻ). നമ്മുടെ ജ്ഞാനത്തിന് പരിമിതിയുണ്ട്; നാം "ദൈവീക പരിജ്ഞാനത്തിൽ" ആശ്രയിക്കുവാൻ ശീലിക്കണം (എഫെസ്യർ 3:10).

മേഘത്തിൽനിന്ന് ശബ്ദം ഉണ്ടായപ്പോൾ, ശിഷ്യന്മാർ "അതു കേട്ടിട്ടു ഏറ്റവും ഭയപ്പെട്ടു കവിണ്ണുവീണു" (മത്തായി 17:6). യേശു അവരുടെ അടുക്കൽ വന്ന്, മൃദുവായി അവരെ തലോടി, "എഴുന്നേൽപിൻ, ഭയപ്പെടേണ്ട" എന്നു പറഞ്ഞു (മത്തായി 17:7). അവർ എഴുന്നേറ്റു കണ്ണുതുറന്നപ്പോൾ, "യേശുവിനെ അല്ലാതെ അവർ അവിടെ മറ്റാരെയും കണ്ടില്ല" (മത്തായി 17:8).

സംഭവിച്ചതിൽ ഉൾക്കൊണ്ടിരിക്കുന്ന എല്ലാ സൂചനകളും അപ്പൊസ്തലന്മാർക്ക് മനസ്സിലായില്ല, എന്നാൽ അവർ യേശുവിന്റെ ദൈവികത്വം കണ്ടു. യെരുശലേമിൽ യേശു മരിക്കേണ്ടതാണെന്നുള്ള വസ്തുതയെ മോശെയും ഏലിയാവും ഉറപ്പിച്ചതിനെ അവർ കേട്ടു. പിന്നീട് പരിശുദ്ധാത്മാവു അവരുടെ മേൽ വരുമ്പോൾ എല്ലാം അവരെ ഓർപ്പിക്കും (യോഹന്നാൻ 14:26); പിന്നെ മനസ്സിലാകാത്ത ചെറിയ ചെറിയ കാര്യങ്ങൾ ഓരോന്നും കൂട്ടി യോജിപ്പിക്കും.[25] അതിനിടയിൽ, ചുരുങ്ങിയത് വരുവാനിരുന്നവയ്ക്കുവേണ്ടി അവർ ഏതാണ്ട് ഒരുങ്ങിയിരുന്നു.

**ഉപസംഹാരം**

മലയിൽവെച്ചു തേജസ്കരിക്കപ്പെട്ട യേശുവിനെ കാണുന്നത് ആവേശകരമായിരിക്കയില്ലേ? നമുക്ക് ആ അനുഭവം ഒരിക്കലും ഉണ്ടാവുകയില്ല; എന്നാൽ, നാം അവനോടു വിശ്വസ്തരായിരുന്നാൽ, നാം ഒരു ദിവസം അവന്റെ തേജസ്സ് *കാണും*! "അവൻ പ്രത്യക്ഷനാകുമ്പോൾ, ... നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകും" (1 യോഹന്നാൻ 3:2). ഒരു ദിവസം നമുക്ക് മോശയേയും ഏലീയാവിനെയും – സ്വർഗ്ഗത്തിൽ കാണുവാൻ കഴിയും!

അവനെ മാത്രം കേൾക്കുവാൻ നമുക്ക് മനസ്സുണ്ടോ എന്നതാണ് ചോദ്യം. ദൈവത്തിന്റെ വാക്കുകൾ നിങ്ങളുടെ കാതുകളിൽ മുഴങ്ങട്ടെ: "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; ഇവന്നു ചെവി കൊടുപ്പിൻ!" (മത്തായി 17:5). അവൻ നിങ്ങളോടു വിശ്വസിക്കുവാൻ പറഞ്ഞിരിക്കുന്നതു കേൾക്കുക (യോഹന്നാൻ 3:16; 8:24). അവൻ നിങ്ങളോടു മാനസാന്തരപ്പെടുവാൻ പറയുന്നതു കേൾക്കുക (ലൂക്കൊസ് 13:3). അവൻ നിങ്ങളോടു ഏറ്റു പറയുവാൻ പറഞ്ഞിരിക്കുന്നതു കേൾക്കുക (മത്തായി 10:32, 33). അവൻ നിങ്ങളോടു സ്നാനപ്പെടുവാൻ പറഞ്ഞിരിക്കുന്നതു കേൾക്കുക (മർക്കൊസ് 16:15, 16). ഓരോ ദിവസവും ക്രിസ്തീയ ജീവിതം നയിക്കണമെന്ന് അവൻ പറയുന്നതു കേൾക്കുക (ലൂക്കൊസ് 9:23). അവന്റെ ഇഷ്ടം ചെയ്യുവാൻ – ഇന്നു തന്നെ അവനെ കേൾക്കുക!

കുറിപ്പുകൾ

[1]ഈ പ്രസംഗത്തിന്റെ പ്രാഥമിക ഉറവിടം ജി. കാമ്പെൽ മോർഗെൻ, *ദ ക്രൈസസ് ഓഫ് ദ ക്രൈസ്റ്റ്* (ന്യൂയോർക്ക്: ഫ്ളെമിങ് എച്ച്. റെവൽ കമ്പനി., 1936), 215–67. മറുരൂപത്തിന്മേൽ മോർഗെൻ മൂന്ന് അദ്ധ്യായങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. [2]മർക്കൊസിലും ഉള്ളത് "*ആറു*ദിവസം കഴിഞ്ഞശേഷം" എന്നാണ് (മർക്കൊസ് 9:2), എന്നാൽ ലൂക്കൊസിൽ "ഇതു പറഞ്ഞശേഷം ഏതാണ്ട് *എട്ടു*ദിവസങ്ങൾക്കുശേഷം" എന്നാണ് (ലൂക്കൊസ് 9:28). മത്തായിയും മർക്കൊസും രണ്ടു സംഭവങ്ങൾക്കിടയിലുള്ള ദിവസങ്ങളാണ് എണ്ണിയിരിക്കുന്നത്, എന്നാൽ ലൂക്കൊസ് ആ ദിവസങ്ങൾ കൂടെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്നും, ഞാൻ താമസിക്കുന്ന ഭാഗത്ത്, ഞങ്ങൾ പറയും "ഏ വീക്ക് ലേറ്റർ." സുവിശേഷ വിവരണ എഴുത്തുകാർ, അന്യോന്യം പകർത്തിയതല്ല എന്നുള്ളതിന് വ്യക്തമായ തെളിവാണിത്. [3]ആറുദിവസം മുൻപ് സംഭവിച്ചതിനെ കുറിച്ച് നിങ്ങൾക്കുവേണമെങ്കിൽ അവലോകനം നടത്താം. [4]ഉദാഹരണത്തിന്, പത്രൊസിന് നായകത്വത്തിന്റെ പക്വതയും, യാക്കോബിന് രക്തസാക്ഷിത്വത്തിനുള്ള ഒരുക്കവും ആവശ്യമായിരുന്നു (പ്രവൃത്തികൾ 12:2). [5]പത്രൊസ് അതിനെ "വിശുദ്ധപർവ്വതം" എന്നാണ് വിളിച്ചിരിക്കുന്നത് (2 പത്രൊസ് 1:18). [6]ഈ പുസ്തകത്തിൽ വരുന്ന "യെരുശലേം പട്ടണവും യേശുവിന്റെ ശുശ്രൂഷക്കിടയിലെ പാലസ്തീനും" നോക്കുക. [7]ഗോർഡെൻ പവൽ, *ഡിഫിക്കൾട്ട് സേയിങ്സ് ഓഫ് ജീസസ്* (എൻ.പി.: ഫ്ളെമിങ് എച്ച്. റിവെൽ കമ്പനി., 1962), 63. [8]പുഴു ശലഭമാകുന്ന രൂപാന്തര പ്രാപ്തിയെ കുറിച്ചു ചിന്തിക്കുക. വിൽ എഡ് വാരെൻ എഴുതി, "ആന്തരികവും ആത്മീകവുമായ രൂപാന്തരത്തെ കുറിച്ച് സൂചിപ്പിച്ചുകൊണ്ടു ഈ വാക്ക് [പുതിയ നിയമത്തിൽ] മറ്റു രണ്ടിടത്ത് ഉപയോഗിച്ചിട്ടുണ്ട് (2 കൊരി. 3:18; റോ. 12:2)" (വിൽ എഡ് വാരെൻ, ക്ലാസ് സിലബസ്, ദ ലൈഫ് ഓഫ് ക്രൈസ്റ്റ്: ദ സിനോപ്റ്റിക് ഗോസ്പെൽസ്, ഹാർഡിങ് യൂണിവേഴ്സിറ്റി, 1991, 71). [9]തുണികൾ വെളുക്കുന്നതിനും നീലം മുക്കുന്നതിനും ഉപയോഗിക്കുന്ന സാധനങ്ങളെ കുറിച്ചു ചിന്തിക്കുക. [10]ചിലപ്പോൾ, മനുഷ്യർ അവന്റെ ദൈവീകത്വത്തെയും തേജസിനേയും ഒരു മിന്നൽപോലെ കണ്ടിരിക്കാം. അവൻ ദേവാലയത്തെ രണ്ടുപ്രാവശ്യം ശുദ്ധീകരിച്ചപ്പോൾ ആരും അവനെ തടയാതിരുന്നതു എന്തുകൊണ്ടാണെന്നും അവനെ ഉപദ്രവിക്കുവാനും കൊല്ലുവാനും നോക്കിയ പുരുഷാരത്തിൽ നിന്ന് അവന് എങ്ങനെ രക്ഷപ്പെടുവാൻ സാധിച്ചു എന്നും വിശദീകരിക്കുവാൻ ഇതു സഹായിച്ചേക്കാം. എങ്ങനെയായാലും, പത്രൊസും, യാക്കോബും, യോഹന്നാനും അവന്റെ തേജസു മുഴുവൻ കണ്ടതുപോലെ മറ്റാർക്കും കാണുവാൻ കഴിഞ്ഞില്ല.

[11]കെജെവിയിൽ ഉള്ളത് "ഏലീയാസ്" എന്നാണ്, അതു എബ്രായ വാക്കായ "ഏലീയാവു" എന്നതിന്റെ ഗ്രീക്ക് രൂപമാണ്. (വിവിധ ഭാഷകളിൽ അനേകം പേരുകൾക്ക് വിവിധ രൂപങ്ങൾ ഉണ്ട്, ഉദാഹരണമാണ് "ജോൺ" എന്നതിന്റെ വിവിധ രൂപങ്ങൾ: ജോവാൻ, ഐയാൻ, ജാൻ). ഇത് ഏതാണ്ട് തെറ്റിദ്ധരിപ്പിക്കുന്നു എന്നതുകൊണ്ട്, മിക്ക തർജ്ജിമകളും ഉപയോഗിക്കുന്നത് കൂടുതൽ പരിചയമുള്ള "ഏലിയാവു" എന്നതാണ്. [12]മോശയും ഏലീയാവും ആരായിരുന്നു എന്നത് പത്രൊസും മറ്റുള്ളവരും എങ്ങനെ അറിഞ്ഞു? ഒരുപക്ഷെ അവർക്ക് ദൈവീക ഉൾക്കാഴ്ച്ച ഉണ്ടായിരുന്നേക്കാം. ഒരുപക്ഷെ യേശു അവരെ പേരെടുത്ത് വിളിച്ചത് അവർ കേട്ടിരിക്കാം. വേദഭാഗം അതു പറയുന്നില്ല. താൽപര്യം ജനിപ്പിക്കുന്ന ഒരു–കുറിപ്പു എന്തെന്നാൽ, മരണശേഷം പോലും, മോശെ മോശെ തന്നെ ആയിരുന്നു, ഏലീയാവും ഏലീയാവു തന്നെ ആയിരുന്നു, അവർ (ഒരു വിധത്തിൽ) തിരിച്ചറിയാവുന്നവരായിരുന്നു. പലപ്പോഴും ചോദിക്കാറുള്ള ചോദ്യത്തിന് ഉത്തരം നൽകുവാൻ ഇതു സഹായിക്കും: "സ്വർഗ്ഗത്തിൽ നാം ഓരോരുത്തരെയും തിരിച്ചറിയുമോ?" ബൈബിൾ ഉത്തരം "അതെ" എന്നാണ്. [13]അവരുടെ ജീവിതങ്ങളെ നിങ്ങൾക്കുവേണമെ

ങ്കിൽ ഉയർത്തിക്കാണിക്കാം. [14]പലരും വിചാരിക്കുന്നതു ഈ രണ്ടുപേരെ തിരഞ്ഞെടുക്കുവാനുള്ള കാരണം മോശെ ന്യായപ്രമാണം പ്രതിനിധീകരിക്കുന്നവനും, എന്നാൽ ഏലീയാവു പ്രവാചകന്മാരെ പ്രതിനിധീകരിക്കുന്നവനും ആയിരുന്നു എന്നാണ് – അവർ യേശുവിന്റെ ദൈവീകത്വത്തിന് വലിയ സാക്ഷികളായി തീർന്നവരാണ് (യോഹന്നാൻ 1:45; ലൂക്കൊസ് 24:44 നോക്കുക). യേശുവിന്റെ ജീവിതത്തോടു ചേർന്ന് മറ്റുള്ളതും പറയാവുന്നതായിരുന്നു: ആ മൂന്നുപേർക്കും പ്രാധാന്യമുള്ള ഉയർന്ന അനുഭവമുണ്ടായിരുന്നു; ആ മൂന്നുപേരുടേയും ജീവിതാവസാനം അസാധാരണമായിരുന്നു (മോശയെ കുറിച്ച്, ആവർത്തനപുസ്തകം 34:6–ഉം; ഏലിയാവിനെ കുറിച്ച്, 2 രാജാക്കന്മാർ 2:11–ഉം നോക്കുക). [15]അത്തരം സംഭാഷണം നടന്നുവെങ്കിൽ, അതെങ്ങനെ നടന്നിരിക്കുമെന്ന് എനിക്ക് ഊഹിക്കുവാൻ കഴിയും: "യേശു പറഞ്ഞു, 'പഠിക്കുവാൻ–മന്ദത–ഉള്ള എന്റെ ശിഷ്യന്മാരെ കുറിച്ച് ഞാൻ പറയട്ടെ.' മോശെ പറഞ്ഞു, 'യിസ്രായേലിന്റെ കാഠിന്യത്തെ കുറിച്ച് ഞാൻ പറയട്ടെ!' ഏലീയാവു പറഞ്ഞു, 'അതു ഒന്നുമല്ല! ഞാൻ ആഹാബിനെയും യിസബേലിനെയും കുറിച്ചു പറയട്ടെ!'" [16]കെജെവിയിൽ "ഡിസീസ്" എന്നാണ്. [17]ഗ്രീക്ക് വാക്ക് *എക്സോഡോൺ* എന്നാണ്, *എക്സോഡസ്* എന്നതിന്റെ ശരിയായ രൂപമാണ് അത്. അതേ വാക്ക് പത്രൊസ് പിന്നീട് തന്റെ തന്നെ മരണത്തെ സൂചിപ്പിച്ച് പറഞ്ഞു (2 പത്രൊസ് 1:15). [18]നല്ല ശമര്യക്കാരന്റെ ഒരു ചിത്രീകരണം സാധാരണ ഉപയോഗിക്കാറുള്ളതിൽ നല്ല ശമര്യക്കാരൻ സത്രം സൂക്ഷിപ്പുകാരനു പണം കൊടുത്ത് ഇങ്ങനെ പറഞ്ഞു, "ഇവനെ രക്ഷ [മുറിവേറ്റ മനുഷ്യനെ] ചെയ്യേണം; അധികം വല്ലതും ചെലവിട്ടാൽ, ഞാൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം" (ലൂക്കൊസ് 10:35). ആ മുറിവേറ്റ മനുഷ്യൻ സുഖം പ്രാപിച്ച് തിരിച്ചുപോകുവാൻ തയ്യാറായപ്പോൾ, ചിലവായ പണത്തെ കുറിച്ച് അയാൾ ചോദിച്ചുവെങ്കിൽ, സത്രം സൂക്ഷിപ്പുകാരൻ ഏതാണ്ട് ഇങ്ങനെ പറയുമായിരുന്നു "നിങ്ങൾ അതിനെ കുറിച്ചു വിഷമിക്കണ്ട. അത് തന്നുകഴിഞ്ഞു." കടം, എങ്ങനെയായാലും, തീർക്കുന്നത് ശമര്യക്കാരന്റെ മടങ്ങിവരവു *പ്രതീക്ഷിക്കുന്നതിൽ* മാത്രമായിരുന്നു. [19]എനിക്ക് പത്രൊസിനെ തിരിച്ചറിയുവാൻ കഴിയുന്നു. ആളുകൾ ചിലപ്പോൾ ശ്രദ്ധയോടെ ചിന്തിക്കാതെ സംസാരിക്കും. അമേരിക്കയിൽ ചിലപ്പോൾ "ഓപ്പൺ മൗത്ത്, ഇൻസെർട്ട് ഫൂട്ട്" എന്ന പ്രയോഗം ഉപയോഗിക്കാറുണ്ട്. [20]"കൂടാരങ്ങൾ" എന്നത് ഗ്രീക്കിൽ തർജ്ജിമ ചെയ്തത് സൂചിപ്പിക്കുന്നത് യെഹൂദന്മാർ സമാഗമന കൂടാരം/കൂടാരപ്പെരുന്നാൾ ആഘോഷിക്കുന്നതിന്റെ ഭാഗമായി താൽക്കാലികമായി നിർമ്മിക്കുന്നതിനെയാണ്. ഞാൻ ബാലനായിരുന്നപ്പോൾ, എന്റെ പ്രദേശത്ത്, അത്തരം നിർമ്മാണത്തെ വിളിച്ചിരുന്നത് "ബ്രഷ് ആർബേർസ്" എന്നാണ്. നിങ്ങൾ താമസിക്കുന്ന പ്രദേശത്തിന് യോജിക്കുന്ന വാക്കുപയോഗിക്കുക.

[21]കൂടാരപ്പെരുന്നാളിന്റെ സമയം വിദൂരമല്ലാതിരിക്കയാൽ (യോഹന്നാൻ 7:2), ചില എഴുത്തുകാർ വിചാരിക്കുന്നത് പത്രൊസ് പറഞ്ഞത് അവർ ആ പെരുന്നാൾ യെരുശലേമിൽ ആഘോഷിക്കുന്നതിനുപകരം മലയിൽവെച്ചുതന്നെ ആയിരിക്കാം ആഘോഷിച്ചത് എന്നാണ്. [22]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 419. [23]ചില പൂർവ്വദേശമതത്തിലെ അംഗങ്ങൾ യേശുവിനെ മറ്റു ആത്മീയ നേതാക്കന്മാരിൽ ഒരാളായി സ്വീകരിക്കുന്നുവെങ്കിലും, അവർ അവനെ കർത്താവായും ദൈവമായും സ്വീകരിക്കുവാൻ തയ്യാറാകുന്നില്ല. നിർഭാഗ്യവശാൽ, ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന ചിലരും യേശുവിനെ അത്തരത്തിൽ വിലയിരുത്തി കാണുന്നുണ്ട്. നിങ്ങൾ താമസിക്കുന്ന പ്രദേശത്തിലെ മതപരമായ സാഹചര്യം അനുസരിച്ച് ഇതിനെ പ്രായോഗികമാക്കാം. [24]"ഈ അന്ത്യകാലത്ത് [ദൈവം] തന്റെ *പുത്രൻ മുഖാന്തരം* നമ്മോടു അരുളിച്ചെയ്തിരിക്കുന്നു" (എബ്രായർ 1:2; എംഫസിസ്

മൈൻ); ന്യായപ്രമാണത്തിനുപകരം യേശുവിന്റെ പുതിയ നിയമം നൽകിയിരിക്കുന്നു (കൊലൊസ്യർ 2:14; എബ്രായർ 9:16, 17). [25]ഈ വാചകത്തിലെ അവസാനഭാഗത്തു ഉപയോഗിച്ചിരിക്കുന്ന ആലങ്കാരിക പ്രയോഗം സൂചിപ്പിക്കുന്നത് ഒരു വലിയ കടങ്കഥയെയാണ്. ആ പ്രയോഗം നിങ്ങളുടെ ശ്രോതാക്കൾക്കു പരിചയമില്ലെങ്കിൽ, "അതിന്റെ ആഴമേറിയ അർത്ഥം വ്യക്തമാക്കിക്കൊണ്ട്," നിങ്ങൾക്കു പറയാം.